# കേരള സർക്കാർ

<u>സംഗ്രഹം</u>

**തദ്ദേശ സ്വയം ഭരണ വകുപ്പ് - കൽപ്പറ്റ നഗരസഭ - UIDSSMT കുടിവെള്ള പദ്ധതി - മുട്ടിൽ പഞ്ചായത്തിലെ 0.0769 ഹെക്ടർ സ്ഥലം അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.**

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

**സ.ഉ. (സാധാ) 3026/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, നവംബർ 16, 2009.**

---

പരാമർശം: 1. കൽപ്പറ്റ നഗരസഭയുടെ 20-7-2009-ലെ 1-ാം നമ്പർ തീരുമാനം.

2. മുഖ്യ നഗരാസൂത്രകന്റെ 21-08-2009-ലെ E1/1/08 (Vol.IV) നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൽപ്പറ്റ നഗരസഭയുടെ പരാമർശം (1)-ലെ തീരുമാനത്തിന്റേയും പരാമർശം (2)-ലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ UIDSSMT സ്കീമിൽപ്പെടുത്തി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി മുട്ടിൽ പഞ്ചായത്തിലെ റീസർവ്വേ നമ്പർ 289/5, 3, 6, 7, 2, 294/6-ൽപ്പെട്ട 0.729 ഹെക്ടർ, റീസർവ്വേ നമ്പർ 471/2-ൽപ്പെട്ട 20.5 സെന്റ്, റീസർവ്വേ നമ്പർ 461/4, 5, 6, 3, 2 എന്നിവയിൽപ്പെട്ട 10.5 സെന്റ്, സർവ്വേ നമ്പർ 22/8 -ൽപ്പെട്ട 0.0769 ഹെക്ടർ സ്ഥലം അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ കൽപ്പറ്റ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക വ്യവഹാര ബാദ്ധ്യതകൾ ഉണ്ടായിരിക്കുന്നതല്ല.

2. അക്വിസിഷനാവശ്യമായ തുകയുടെ 80% മുൻകൂറായി ജില്ലാകളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.

3. അക്വിസിഷൻ സംബന്ധമായി 2000-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.അനിൽകുമാർ,**
**അണ്ടർ സെക്രട്ടറി.**

(മറുപുറം)

To

സെക്രട്ടറി, കൽപ്പറ്റ നഗരസഭ, വയനാട്.

ജില്ലാ കളക്ടർ, വയനാട്.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.